**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1424** — **31-10-2019 ൽ മറുപടിക്ക്**

**എക്സൈസ് വകുപ്പിന് അനുവദിച്ച സ്ഥലം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ തൈയ്ക്കാട് റസിഡൻസി ബിൽഡിംഗും അതിനോട് ചേർന്ന സ്ഥലവും ആരുടെ കൈവശമാണെന്നും പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണവും വ്യക്തമാക്കാമോ; | (എ) തൈക്കാട് വില്ലേജിൽ റീസർവ്വെ ബ്ലോക്ക് 93-ൽ സർവ്വേ നമ്പർ 2-ൽ 7 ഹെക്ടർ 41 ആർ 85 ച.മീ. സ്ഥലം ഒന്നായി കിടക്കുന്നതും, ആയത് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവുമാണ് തൈക്കാട് വില്ലേജിൽ ബ്ലോക്ക് നം. 93-ൽ റീസർവ്വെ നമ്പർ 5 -ൽ ഉൾപ്പെട്ട 1.9627 ഹെക്ടറും റീസർവ്വെ നമ്പർ 7-ൽപ്പെട്ട 0.0529 ഹെക്ടറും ഉൾപ്പെടെയുള്ള 2.0156 ഹെക്ടർ (4.98 ഏക്കർ) ഭൂമി സർക്കാരിലേക്ക് തിരിച്ചെടുത്ത് പൊതു ആവശ്യത്തിനായി ലാൻഡ് ബാങ്കിൽ നിക്ഷിപ്തമാക്കി ജി.ഒ (എം.എസ്) നമ്പർ 694/15/റവന്യൂ തീയതി 23.12.2015 ലെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ പ്രസ്തുത ഭൂമിയിൽ നിന്നും വളരെ പരിമിതമായ ഭൂമി മാത്രം ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിനും കിറ്റ്സിനും പാട്ടത്തിന് അനുവദിക്കുന്നതിനുള്ള അർത്ഥനപത്രം ജില്ലാ കളക്ടർക്ക് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിരുന്നു വെങ്കിലും ആയത് ലഭ്യമായതായി കാണുന്നില്ല. |
| (ബി) പ്രസ്തുത സ്ഥലത്തു നിന്നും എക്സൈസ് വകുപ്പിന് സർക്കാർ സ്ഥലം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥലമാണ് വിട്ടുനൽകിയത്; ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ; | (ബി) പ്രസ്തുത സ്ഥലത്തു നിന്നും എക്സൈസ് വകുപ്പിന് 29/10/2018 ലെ സ.ഉ (കൈ) 396/18/റവന്യൂ പ്രകാരം 14.52 ആർ സ്ഥലം രണ്ടു സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം കൈമാറ്റം ചെയ്തിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |
| (സി) നിലവിൽ അവിടെ പ്രവർത്തിച്ചു വരുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിന്റെ പ്രവർത്തനങ്ങളെ ഈ നടപടി ബുദ്ധിമുട്ടിലാക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) ഇക്കാര്യത്തിൽ ഒരു പുനപരിശോധനയ്ക്ക് ടൂറിസം വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 93 ൽ സർവ്വേ നമ്പർ 5- ൽ പെട്ട 14.52 ആർ സർക്കാർ പുറമ്പോക്ക ഭൂമി എക്സൈസ് വകുപ്പിന് എക്സൈസ് ടവർ / കോംപ്ലെക്സ് നിർമിക്കുന്നതിന് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, എക്സൈസ് വകുപ്പിന് ഉപയോഗാനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

റവന്യൂ (യു) വകുപ്പ്

സ.ഉ. (കൈ) നം.396/2018/റവ തീയതി, തിരുവനന്തപുരം, 29/10/2018

പരാമർശം 1. ലാന്റ് റവന്യൂ കമ്മീഷണറുടെ 18/04/2018-ലെ എൽ.ആർ.കെ2-16791/2018 നമ്പർ കത്ത്.

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 06/04/2018-ലെ ബി8-3596/18 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 93 ൽ സർവ്വേ നമ്പർ 5 -ൽ സ്ഥിതി ചെയ്യുന്നതും വില്ലേജ് റെക്കോർഡുകൾ പ്രകാരം സർക്കാർ പുറമ്പോക്ക വിഭാഗത്തിൽ വരുന്നതും ചമയങ്ങളായി ഷീറ്റ് മേഞ്ഞ ഒരു കെട്ടിടവും 30 വർഷം പഴക്കമുള്ള 5 പാഴ്മരങ്ങളും ഉള്ളതുമായ 14.52 ആർ സർക്കാർ പുറമ്പോക്ക ഭൂമി, 5,80,80,000 രൂപ (അഞ്ചുകോടി എൺപതു ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) കമ്പോളവില നിശ്ചയിച്ച് എക്സൈസ് വകുപ്പിന് എക്സൈസ് ടവർ / കോംപ്ലെക്സ് നിർമിക്കുന്നതിന് ഉപയോഗാനുമതി നൽകാവുന്നതാണെന്ന പരാമർശം (2) ലെ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 93 ൽ സർവ്വേ നമ്പർ 5- ൽ സ്ഥിതി ചെയ്യുന്ന 14.52 ആർ സർക്കാർ പുറമ്പോക്ക ഭൂമി, എക്സൈസ് വകുപ്പിന് എക്സൈസ് ടവർ / കോംപ്ലെക്സ് നിർമിക്കുന്നതിന് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരവും, താഴെ പറയുന്ന നിബന്ധനകൾക്ക വിധേയമായും ഉടമസ്ഥാവകാശം സർക്കാരിൽ നിലനിർത്തി, എക്സൈസ് വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(a) ഭൂമി ഉപ പാട്ടത്തിന് നൽകാനോ, തറവാടകയ്ക്ക് അനുവദിക്കാനോ, അന്യാധീനപ്പെടുത്താനോ, ദുരുപയോഗം ചെയ്യാനോ, ബാങ്കുകളിലോ ധനകാര്യ സ്ഥാപനങ്ങളിലോ ഈടുവയ്ക്കുവാനോ പാട്ടുള്ളതല്ല;

(b) ഏത് ആവശ്യത്തിനുവേണ്ടിയാണോ ഭൂമി അനുവദിച്ചത് ആ ആവശ്യത്തിന് വേണ്ടി മാത്രമേ വിനിയോഗിക്കാവൂ;

(c) പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ, ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ആരംഭിക്കേണ്ടതാണ്;

(d) പ്രസ്തുത ഭൂമി കയ്യേറ്റത്തിൽ നിന്ന് എക്സൈസ് വകുപ്പ് തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്;

(e) പ്രസ്തുത ഭൂമിയിൽ നിൽക്കുന്ന വൃക്ഷങ്ങൾ റവന്യൂ വകുപ്പിന്റെ മുൻകൂർ അനുമതിയില്ലാതെ മുറിച്ച് നീക്കാൻ പാടില്ല. കേരള ഭൂമി പതിവ് ചട്ടം Appx iii Part A

പ്രകാരം റിസർവ് ചെയ്ത മരങ്ങൾ സർക്കാരിൽ നിക്ഷിപ്തമായിരിക്കും;

(f) പ്രസ്തുത ഭൂമിയിൽ നിന്ന് മണ്ണോ പാറയോ ഖനനം ചെയ്യാൻ പാടില്ല;

(g) മേൽ വ്യവസ്ഥകൾ ലംഘിച്ചാലും, പൊതു താത്പര്യാർത്ഥമോ നിർദ്ദിഷ്ട ഭൂമി ആവശ്യത്തിനായി വരുന്ന പക്ഷമോ നഷ്ടപരിഹാരം ഈടാക്കാതെ തന്നെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പി.എച്ച്. കുര്യൻ**
അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാകളക്ടർ, തിരുവനന്തപുരം
എക്സൈസ് കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് എക്സൈസ്, എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, നന്ദാവനം, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
നികുതി വകുപ്പ് (07.06.2018 -ലെ ജി3/33/2018/നികുതി നമ്പർ കുറിപ്പ് പ്രകാരം)
ധനകാര്യ വകുപ്പ് (Exp-A2/333/2018/Fin പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ്
പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ